**പതിനാലാം കേരള നിയമസഭാ**
**അഞ്ചാം സമ്മേളനം**
**ചോദ്യം നം. 4718 19.05.2017-ലെ മറുപടിക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. എ. കെ. ബാലൻ**<br>**ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) എല്ലാ വകുപ്പ് ഡയറക്ടറേറ്റുകളിലും നിയമസംബന്ധവും കേസുകളുമായി ബന്ധപ്പെട്ടതുമായ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി നിയമവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ; | എല്ലാ വകുപ്പ് ഡയറക്ടറേറ്റുകളിലും നിയമസംബന്ധമായ കേസ് കൈകാര്യം ചെയ്യുന്നതിന് നിയമവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നില്ല. നിയമവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ അദർ ഡ്യൂട്ടിയിലും അന്യത്രസേവന വ്യവസ്ഥയിലുമായി ചുവടെ ചേർക്കുന്ന ആഫീസുകളിൽ മാത്രമാണ് ലാ ഓഫീസർ തസ്തികയിൽ ജോലി നോക്കി വരുന്നത്.<br><br>1) കേരള വനിതാ കമ്മിഷൻ, തിരുവനന്തപുരം<br><br>2) ഡയറക്ട്രേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, തിരുവനന്തപുരം<br><br>3) കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ, തിരുവനന്തപുരം<br><br>4) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ, തിരുവനന്തപുരം<br><br>5) കേരള വെറ്റിനറി & അനിമൽ സയൻസ്സസ് യൂണിവേഴ്സിറ്റി, വയനാട്<br><br>6) കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം (2 പോസ്റ്റുകൾ)<br><br>7) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, തിരുവനന്തപുരം |

| | |
|---|---|
| | 8) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (2 പോസ്റ്റുകൾ)<br><br>9) ലേബർ കമ്മിഷണറേറ്റ്, തിരുവനന്തപുരം<br><br>10) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം<br><br>11) വ്യവസായ ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>12) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്, തിരുവനന്തപുരം<br><br>13) അർബൻ അഫയേഴ്സ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>14) സിവിൽ സപ്ലൈസ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം.<br><br>15) ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം<br><br>16) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റ്, തിരുവനന്തപുരം<br><br>17) ഇൻഷുറൻസ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>18) സോഷ്യൽ ജസ്റ്റിസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം<br><br>19) അഗ്രികൾചറൽ ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>20) ഇറിഗേഷൻ (സ്പെഷ്യൽ എൻക്വയറി) സെൽ, തിരുവനന്തപുരം<br><br>21) ആരോഗ്യ ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>22) പഞ്ചായത്ത് ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>23) ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്, തിരുവനന്തപുരം<br><br>24) ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം<br><br>25) ഫിഷറീസ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം<br><br>26) എക്സൈസ് കമ്മിഷണറേറ്റ്, തിരുവനന്തപുരം |

| | |
|---|---|
| | 27) രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം<br><br>28) ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.<br><br>29) സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മിഷൻ, തിരുവനന്തപുരം<br><br>30) പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം<br><br>കൂടാതെ ജില്ലാ ലോ ഓഫീസർ തസ്തികയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലാ കളക്ട്രേറ്റുകളിൽ നിയമ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജോലി നോക്കി വരുന്നുണ്ട്. അതാതു ഭരണവകുപ്പുകളുടെ അഭ്യർത്ഥനയും ധനവകുപ്പിന്റെ അനുമതിയും ലഭിക്കുന്ന പക്ഷം നിയമവകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ നൽകാൻ കഴിയുന്നതാണ്. |
| ബി) ചില വകുപ്പിൽ കേസുകളുടെ എണ്ണം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേസുകളുമായി ബന്ധപ്പെട്ട ഫയലുകളിൽ ലോ ഓഫീസർ റിമാർക്സ് എഴുതാറുണ്ടോ ; ലോ ഓഫീസറുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറി വിലയിരുത്തൽ നടത്താറുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | കേസുകളുടെ എണ്ണം കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഭിപ്രായം ആരാഞ്ഞുകൊണ്ട് ലാ ഓഫീസർക്ക് നൽകുന്ന ഫയലുകളിൽ ലാ ഓഫീസർമാർ അഭിപ്രായം രേഖപ്പെടുത്താറുണ്ട്, ലാ ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. ജില്ലാ കളക്ട്രേറ്റുകളിലെയും വിവിധ വകുപ്പ് ആസ്ഥാനങ്ങളിലെയും സ്യൂട്ട് സെൽ മുഖേന നടത്തുന്ന കേസുകളുടെ വിലയിരുത്തൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ് നടത്തി വരുന്നതാണ്. |
| സി) നിയമവകുപ്പിന്റെ പ്രതിനിധി ഇല്ലാത്ത വകുപ്പുകളിൽ ഇത്തരം ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് അറിവുണ്ടോ ; | നിയമ വകുപ്പിൽ നിന്നുള്ള പ്രതിനിധി ഇല്ലാത്ത വകുപ്പുകൾക്ക് സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ മുഖേന, കോടതി കേസ്സുകൾ സംബന്ധമായി സത്യവാങ്മൂലം, പത്രിക, എന്നിവ സമർപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ നിയമ (സ്യൂട്ട്) വകുപ്പിൽ പരിശോധനയ്ക്കായി നൽകാവുന്നതും നിയമപരമായ ഉപദേശം / അഭിപ്രായം ആവശ്യമുള്ള |

| | |
|---|---|
| | പക്ഷം നിയമ (ഒപ്പീനിയൻ) വകുപ്പിൽ നിന്ന് അഭിപ്രായം ആരായാവുന്നതുമാണ്. |
| ഡി) അതാത് വകുപ്പുകളിലുള്ള നിയമബിരുദം നേടിയ ഉദ്യോഗസ്ഥരെ പ്രമോട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; ലോ ബിരുദം നേടിയ ഉദ്യോഗസ്ഥരെ ഇപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യുവാൻ ചുമലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | നിയമബിരുദം നേടി എന്നതുകൊണ്ടുമാത്രം ഉദ്യോഗസ്ഥരെ പ്രമോട്ട് ചെയ്യാൻ സാധിക്കുന്നതല്ല. നിയമബിരുദം നേടിയതുകൊണ്ടു മാത്രം ഇപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ കഴിയുന്നതല്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.